കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -ഗ്രാമവികസനം-ജീവനക്കാര്യം- മാനന്തവാടി ബ്ലോക്കിലെ എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) ശ്രീമതി.എം.എ.ജാൻസിയുടെ അപ്പീൽ അപേക്ഷ - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A.No.450/2015-മേലുള്ള വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്

സ.ഉ (സാധാ)നമ്പർ.392/2016/തസ്വഭവ, തിരുവനന്തപുരം, തിയതി,30/1/2016

---

പരാമർശം:- 1.ഗ്രാമവികസന കമ്മീഷണറുടെ 20.03.2014-ലെ 26998/എസ്റ്റാസി4/2013/സിആർഡി നമ്പർ നടപടിക്രമം

2.ശ്രീമതി.എം.എ.ജാൻസി, എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) സമർപ്പിച്ച 11.04.2014 തീയതിയിലെ അപ്പീൽ അപേക്ഷ

3. ഗ്രാമവികസന കമ്മീഷണറുടെ 07.07.2014 ലെ 26998/എസ്റ്റാസി4/2014/സിആർഡി നമ്പർ കത്ത്.

4.സ.ഉ.(സാധാ)നമ്പർ 2648/2014/തസ്വഭവ, തിയതി 14.10.2014.

5. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A.No.450/2015-മേലുള്ള 1.10.2015 തിയതിയിലെ വിധിന്യായം

വയനാട് ജില്ലയിൽ മാനന്തവാടി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ വികസന ഓഫീസർ (വനിതാക്ഷേമം) ശ്രീമതി.എം.എ.ജാൻസി 14.11.2012 മുതൽ 11.02.2013 വരെ കമ്മ്യൂട്ടഡ് ലീവിനപേക്ഷിക്കുകയും ബ്ലോക്ക് പഞ്ചായത്തിൽ അത്യാവശ്യ ജോലി ഉണ്ടായിരുന്നതിനാൽ ആയത് 28.11.2012 വരെ 15

ദിവസമായി അവധി പരിമിതപ്പെടുത്തി മാനന്തവാടി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ അനുവദിച്ച് ഉത്തരവാകുകയും ചെയ്തു. അനുവദിക്കപ്പെട്ട അവധി പര്യാപ്തമല്ലെന്ന കാരണത്താൽ ശ്രീമതി.എം.എ.ജാൻസി അപേക്ഷിച്ചിരുന്ന കാലയളവിലെ മുഴുവൻ അവധിയും ഉപയോഗപ്പെടുത്തുകയും തിരികെ 12.02.2013-ൽ പ്രസ്തുത ഓഫീസിൽ ജോലിയിൽ പ്രവേശിക്കുകയും, ഹാജർ പുസ്തകത്തിൽ ഒപ്പ് വയ്ക്കേണ്ടതില്ലെന്ന ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറുടെ നിർദ്ദേശത്തെ തുടർന്ന് 13.02.2013 മുതൽ ശ്രീമതി.എം.എ.ജാൻസി ഓഫീസിൽ ഹാജരാകാതിരിക്കുകയും 10.04.2013 അപരാഹ്നത്തിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. പ്രസ്തുത കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കണമെന്നും അവധിയിലായിരുന്ന കാലയളവിലെയും ഹാജരായിട്ടില്ലാത്ത മേൽ കാലയളവിലേയും ശമ്പളവും ആനുകൂല്യങ്ങളും അനുവദിക്കണമെന്നും അപേക്ഷിച്ചു കൊണ്ട് ശ്രീമതി.എം.എ.ജാൻസി സമർപ്പിച്ചിരുന്ന അപേക്ഷ, ടിയാൾ കമ്മ്യൂട്ടഡ് ലീവിന് അപേക്ഷ നൽകിയിരുന്നെങ്കിലും അവധി അനുവദിക്കപ്പെടാതിരുന്ന 29.11.2012 മുതൽ 11.02.2013 വരെയുള്ള കാലയളവിൽ ഹർജിക്കാരി അനധികൃതമായാണ് ഓഫീസിൽ ഹാജരാകാതിരുന്നതെങ്കിലും അവധി അപേക്ഷ നൽകിയിരുന്നു എന്ന കാര്യം പരിഗണിച്ച് പ്രസ്തുത കാലം അർഹതപ്പെട്ട അവധിയായി. ശമ്പളവും ആനുകൂല്യങ്ങളും അനുവദിച്ച് കൊണ്ടും 13.02.2013 മുതൽ 10.04.2013 പൂർവ്വാഹ്നം വരെയുള്ള കാലം ഹർജിക്കാരി ഓഫീസിൽ ഹാജരായിട്ടില്ലാത്ത സ്ഥിതിക്ക് പ്രസ്തുത കാലവും അർഹതപ്പെട്ട അവധിയായി ക്രമീകരിച്ചു കൊണ്ടും ടിയാളുടെ പേരിൽ സ്വീകരിച്ചിട്ടുള്ള അച്ചടക്ക നടപടി തീർപ്പാക്കിക്കൊണ്ടും പരാമർശം (1) പ്രകാരം ഗ്രാമവികസന കമ്മീഷണർ തീർപ്പാക്കിയിരുന്നു.

ടി ഉത്തരവിനെതിരെ പരാമർശം (2) പ്രാകരം ശ്രീമതി.ജാൻസി സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. 13.02.2013 മുതൽ 10.04.2013 പൂർവ്വാഹ്നം വരെ ടിയാൾ ഓഫീസിൽ ഹാജരായില്ല എന്ന വാദഗതി ശരിയല്ലെന്നും ഹാജർ ബുക്കിൽ ഒപ്പ വയ്ക്കുന്നതിൽ നിന്നും വിലക്കിയതിനാലാണ് ഹാജർ രേഖപ്പെടുത്താൻ സാധിക്കാതെ വന്നതെന്നും, ആകയാൽ തന്നെ മനപൂർവ്വം ഹാജർ രേഖപ്പെടുത്താൻ സമ്മതിക്കാതിരുന്ന കാലയളവ് ഡ്യൂട്ടിയായി പരിഗണിച്ച് എല്ലാവിധ ആനുകൂല്യങ്ങളും നൽകണമെന്നുമാണ് അപ്പീൽ അപേക്ഷയിൽ ടിയാൾ അപേക്ഷിച്ചിരിക്കുന്നത്.

ശ്രീമതി.ജാൻസിയുടെ അപ്പീൽ അപേക്ഷയിന്മേൽ പരാമർശം(3) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. 12.02.2013-ൽ ശ്രീമതി.ജാൻസി ഓഫീസിൽ ഹാജരായപ്പോൾ 12.02.2013 മുതൽ ഹാജർ പുസ്തകത്തിൽ ഒപ്പ വയ്ക്കേണ്ടതില്ലെന്ന് മേലധികാരിയായ ബ്ലോക്ക് ഡെവലപ് മെന്റ് ഓഫീസർ നിർദ്ദേശം നൽകിയതിനാൽ ടിയാൾ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുകയാണുണ്ടായതെന്നും 10.04.2013-ൽ ബ്ലോക്ക് ഡെവലപ് മെന്റ് ഓഫീസർ ഹാജർ പുസ്തകത്തിൽ ഒപ്പ വയ്ക്കാൻ അനുവാദം നൽകുകയും ചെയ്തിരുന്നതായും, 29.11.2012 മുതൽ 11.02.2013 വരെയുള്ള കാലയളവിൽ മേലധികാരിയുടെ നിർദ്ദേശങ്ങളെ അവഗണിച്ചു കൊണ്ട് ശ്രീമതി.ജാൻസി ഓഫീസിൽ ഹാജരാകാതിരിക്കുകയും 13.02.2013 മുതൽ 10.04.2013 വരെയുള്ള കാലയളവ് അനധികൃതമായി ഹാജരാകാതിരിക്കുകയും ചെയ്തിട്ടും ശ്രീമതി.ജാൻസിയോട് അനുഭാവപൂർവ്വമായ സമീപനം സ്വീകരിച്ചു കൊണ്ടാണ്, ടിയാൾ ഓഫീസിൽ ഹാജരാകാതിരുന്ന കാലം അവധിയായി പരിഗണിക്കാൻ നിർദ്ദേശിച്ച് ഉത്തരവായതെന്നും ഇതിലുമേറെ അനുഭാവം പ്രകടിപ്പിക്കുന്നത് സുഗമമായ ഓഫീസ് നടത്തിപ്പിനും മേലധികാരികളുടെ നിർദ്ദേശങ്ങൾക്കും വിഘാതമുണ്ടാക്കുകയേ ഉള്ളൂവെന്നതിനാൽ

ശ്രീമതി.ജാൻസിയുടെ അപേക്ഷ പ്രത്യേക പരിഗണന അർഹിക്കുന്നില്ലായെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

ഇതിനിടയിൽ ശ്രീമതി.എം.എ.ജാൻസി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A.1149/2014 -മേലുള്ള 14.07.2014 തീയതിയിലെ ഉത്തരവിൽ ഹർജിക്കാരിയെ നേരിൽ കേട്ട ശേഷം അനക്സർ A7 നിവേദനത്തിന്മേൽ രണ്ടു മാസങ്ങൾക്കകം ഉചിതമായ തീരുമാനം കൈക്കൊള്ളുവാൻ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. ടി ഉത്തരവിന്റെ വെളിച്ചത്തിൽ ഹർജിക്കാരിയെ നേരിൽ കേൾക്കാനായി 19.09.2014 ൽ തദ്ദേശസ്വയംഭരണ അണ്ടർ സെക്രട്ടറി മുമ്പാകെ ഹാജരാകാൻ നോട്ടീസ് നൽകിയെങ്കിലും ശ്രീമതി.എം.എ.ജാൻസി ഹാജരായിരുന്നില്ല. ടിയാൾ ഹാജരാകാത്ത സാഹചര്യത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച ശേഷം ടിയാൾക്ക് കൂടുതൽ ഒന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ പരാമർശം (1) പ്രകാരമുള്ള ഗ്രാമവികസന കമ്മീഷണറുടെ നടപടി ശരിവച്ചു കൊണ്ട് പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

എന്നാൽ കോടതിവിധി നടപ്പാക്കിയില്ലെന്ന് ആരോപിച്ചു കൊണ്ട് ശ്രീമതി.എം.എ.ജാൻസി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്യുകയും (C.P.(Civil)171/2014), പ്രസ്തുത കേസിന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 4.12.2014-ലെ ഉത്തരവിൽ Annexure P6 (സ.ഉ(സാധാ)നമ്പർ.2648/2014/തസ്വഭവ, തീയതി 14.10.2014)-നെ challenge ചെയ്യുവാനുള്ള അപേക്ഷകയുടെ അവകാശത്തെ ഹനിക്കാതെ ടി കോടതിയലക്ഷ്യ കേസ് തീർപ്പാക്കിയിരുന്നു.

തനിക്ക് ഹിയറിംഗ് നോട്ടീസ് ലഭിച്ചിരുന്നില്ലെന്നും, തന്നെ നേരിട്ട് ഹിയർ ചെയ്യാതെ പുറപ്പെടുവിച്ച ഉത്തരവിനെതിരെ ശ്രീമതി.ജാൻസി വീണ്ടും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ.450/15 ഫയൽ ചെയ്യുകയുണ്ടായി. ടി കേസിന്മേലുള്ള പരാമർശം (5) പ്രകാരമുള്ള വിധിന്യായത്തിൽ പരാമർശം (4)ലെ ഉത്തരവ് റദ്ദ് ചെയ്യുകയും, ടി വിധി പകർപ്പ് ലഭിച്ച് മൂന്നു മാസങ്ങൾക്കകം ശ്രീമതി.ജാൻസിയെ നേരിൽ കേൾക്കുന്നതിനുള്ള നോട്ടീസ് നൽകി നേരിൽ കേൾക്കുന്നതിനുള്ള അവസരം നൽകിയ ശേഷം ടി വിഷയം പുനഃപരിശോധന നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുവാനും ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെയടിസ്ഥാനത്തിൽ ഗ്രാമവികസന കമ്മീഷണർ മുഖേന ശ്രീമതി.ജാൻസിക്ക് നോട്ടീസ് നൽകുകയും, 18.01.2016-ൽ ശ്രീമതി.എം.എ.ജാൻസിയെ നേരിൽ കേൾക്കുകയും, അപേക്ഷകയുടെ 11.4.2014-ലെ അപേക്ഷ വീണ്ടും പരിശോധിക്കുകയുമുണ്ടായി.

ടിയാൾ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്ന 13.02.2013 മുതൽ 10.04.2013 വരെയുള്ള കാലയളവ് സാമ്പത്തികമുൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളോടെയും ഡ്യൂട്ടിയായി പരിഗണിച്ച് ഉത്തരവുണ്ടാകണമെന്നും, അതോടൊപ്പം 29.11.2012 മുതൽ 11.02.2013 വരെയുള്ള ശമ്പളവും ആനുകൂല്യങ്ങളും അനുവദിച്ചു കൊണ്ടുള്ള ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ഉത്തരവ് നടപ്പാക്കിത്തരുവാനും ശ്രീമതി ജാൻസി ഹിയറിംഗ് സമയത്ത് ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു മേലധികാരിയുടെ നിർദ്ദേശങ്ങൾ അവഗണിച്ചു കൊണ്ട് 29.11.2012 മുതൽ 11.2.2013 വരെയും കൂടാതെ 13.2.2013 മുതൽ 10.4.2013 വരെയും ശ്രീമതി.ജാൻസി ഓഫീസിൽ ഹാജരായില്ലെങ്കിലും അനുഭാവപൂർവ്വമായ നടപടിയാണ് ഗ്രാമവികസന

കമ്മീഷണർ സ്വീകരിച്ചിട്ടുള്ളത്. ഇതിലും അനുഭാവ പൂർവ്വമായ നടപടി ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് വിഘാതമാകുകയും മറ്റു ജീവനക്കാർക്ക് തെറ്റായ സന്ദേശം നൽകുകയും ചെയ്യും. കൂടാതെ ഓഫീസിന്റെ ശരിയായ പ്രവർത്തനത്തിന് മേലുദ്യോഗസ്ഥർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാൻ ജീവനക്കാർ ബാദ്ധ്യസ്ഥരുമാണ്. KSR Part I Rule 65 ഇപ്രകാരമാണ്. 'leave cannot be claimed as a matter of right when the emergencies of public service required, discretion to refuse or revoke leave of any description is reserved to the authorities empowered to grant it.' ശ്രീമതി.എം.എ.ജാൻസി 14.11.2012 മുതൽ 11.02.2013 വരെ ലീവിന് അപേക്ഷിക്കുകയും എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ അത്യാവശ്യ ജോലികൾ ഉണ്ടായിരുന്നതിനാൽ 28.11.2012 വരെ മാത്രം മേലധികാരിയായ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ലീവനുവദിച്ചിട്ടും 11.02.2013 വരെ ഓഫീസിൽ ഹാജരാകാതിരിക്കുകയും , തുടർന്ന് 12.02.2013-ൽ ഓഫീസിൽ ഹാജരായപ്പോൾ ഹാജർ ബുക്കിൽ ഒപ്പു വയ്ക്കേണ്ടതില്ലെന്ന മേലധികാരിയുടെ നിർദ്ദേശത്തെ തുടർന്ന്, മറ്റ് മേലധികാരികളെയോ സർക്കാരിനെയോ സമീപിച്ച് പരിഹാരം തേടുന്നതിന് പകരം ടിയാൾ 13.2.2013 മുതൽ 10.4.2013 വരെ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുകയാണുണ്ടായത്. ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറും ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയും നൽകിയ നിർദ്ദേശങ്ങൾ ഓഫീസിന്റെ സുഗമമായ പ്രവർത്തനങ്ങളെ ലക്ഷ്യമാക്കിയിട്ടുള്ളതായി കരുതാവുന്നതും, അവധി അനുവദിക്കുന്നത് മേലധികാരിയുടെ വിവേചനാധികാരത്തിൽപ്പെട്ടതുമാണ്. ഈ സാഹചര്യത്തിൽ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിലെ എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) ശ്രീമതി.എം.എ.ജാൻസി ഓഫീസിൽ അനധികൃതമായി ഹാജരാകാതിരുന്ന 13.2.2013 മുതൽ 10.4.2013 വരെയുള്ള കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള ടിയാളുടെ 11.4.2014 ലെ അപേക്ഷ നിരസിച്ച് കൊണ്ടും, ടിയാളുടെ അവധി ദിനങ്ങൾ ക്രമീകരിച്ചു കൊണ്ടുള്ള പരാമർശം (1)ലെ ഗ്രാമവികസന കമ്മീഷണറുടെ

നടപടിക്രമം ശരിവെച്ചു കൊണ്ടും, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (5) പ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കി ഇതിനാൽ ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ജയശ്രീ.റ്റി
അണ്ടർസെക്രട്ടറി

ശ്രീമതി.എം.എ.ജാൻസി. എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം),
മാനന്തവാടി ബ്ലോക്ക് (ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം ബ്രാഞ്ച് (With C/L)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ബ്ലോക്ക് ഡെവലപ് മെന്റ് ഓഫീസർ, ബ്ലോക്ക് ഡെവലപ് മെന്റ് ഓഫീസ്, മാനന്തവാടി
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഒഎസ്) വകുപ്പ്
ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ